**Nitta Gelatin India Limited**
(Formerly Kerala Chemicals and Proteins Limited)
Joint venture of Kerala State Industrial Development Corporation Ltd. and Nitta Gelatin Inc.

Post Box 4262
SBT Avenue
Panampilly Nagar
Cochin - 682 036 India
Tel : 0484 2864400, 2317805
Fax : 0484 2310568
Email :ro@nitta-gelatin.co.in

CIN : L24299KL1975PLC002691

GELATIN DIVISION
Post Box 3109
PO Info Park, Kakkanad
Cochin - 682 042 India
Tel : 0484 2869300, 2869500
Fax : 0484 2415504
Email : gd@nitta-gelatin.co.in

OSSEIN DIVISION
PO Kathikudam
(Via) Koratty
Trichur - 680 308 India
Tel : 0480 2749300, 2719598
Email : od@nitta-gelatin.co.in

Website : www.gelatin.in

May 10, 2023

BSE Ltd.,
Phiroze Jeejeebhoy Towers,
25th Floor, Dalal Street,
Mumbai- 400 001

Dear Sir,

**SCRIP CODE: 506532**

**Sub: Newspaper Advertisement-Audited Financial Results of the Company for the quarter and year ended 31.03.2023**

**Ref: Regulation 47 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015**

Pursuant to the above, please find enclosed herewith the copy of the newspaper advertisements pertaining to the audited financial results of the Company for the quarter and year ended 31st March, 2023 published in English and Malayalam newspapers.

We request that the information may kindly be taken on records.

Thanking you,
Yours faithfully,

For **NITTA GELATIN INDIA LIMITED**

VINOD MOHAN Digitally signed by VINOD MOHAN
Date: 2023.05.10 15:21:49 +05'30'

**VINOD MOHAN**
**COMPANY SECRETARY & COMPLIANCE OFFICER**

Encl: as above.

## ഫോർട്ട്കൊച്ചി ബോട്ട് ദുരന്തം: ഏഴ് വർഷം പിന്നിട്ടിട്ടും മരണപ്പെട്ടവരുടെ ആശ്രിതർക്ക് അവഗണന



● ഫോർട്ട്കൊച്ചി ബോട്ട് ദുരന്തം. ഫയൽ ചിത്രം .

**മട്ടാഞ്ചേരി:** ഫോർട്ട്കൊച്ചി അഴിമുഖത്ത് മത്സ്യബന്ധനം യാനം ഇടിച്ച് പതിനൊന്ന് പേർ മരിച്ച സംഭവം നടന്നിട്ട് എട്ട് വർഷം പൂർത്തിയാകാൻ മാസങ്ങൾ മാത്രം ശേഷിക്കവേ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാർ ജോലിയെന്ന വാഗ്ദാനം ഇന്നും മരീചികയായി തുടരുകയാണ്. മരണത്തിന് കീഴടങ്ങിയവരെല്ലാം തന്നെ ആ കുടുംബത്തിലെ അത്താണികളായിരുന്നു. 2015ലെ ഒരോണക്കാലത്താണ് വൈപ്പിൻ നിന്ന് ഫോർട്ട്കൊച്ചിയിലേക്ക് വരികയായിരുന്ന കൊച്ചി നഗരസഭയുടെ അധീനതയിലുള്ള എം.ബി ഭാരത് എന്ന യാത്രാ ബോട്ട് അപകടത്തിൽപ്പെടുന്നത്.സമീപത്തെ പെട്രോൾ പമ്പിൽ നിന്ന് ഇന്ധനം നിറച്ച് ടൂറിസ്റ്റ് ജെട്ടിയിൽ കെട്ടിയിരുന്ന മത്സ്യബന്ധന വള്ളം അമിത വേഗതയിൽ അലക്ഷ്യമായി എത്തി യാത്ര ബോട്ടിനെ ഇടിക്കുകയായിരുന്നു.ഇടിയുടെ ആഘാതത്തിൽ തകർന്ന വള്ളം കൊച്ചി അഴിമുഖത്ത് മുങ്ങി താഴുകയായിരുന്നു.ഏകദേശം 45 യാത്രക്കാരാണ് ബോട്ടിലുണ്ടായിരുന്നത്.

ഇതിൽ പതിനൊന്ന് പേരാണ് മരിച്ചത്.എല്ലാവരും ഓണാഘോഷത്തിൽ മുഴുകിയിരിക്കവേയുണ്ടായ അപകടം കൊച്ചിയെ ശോകമൂകമാക്കി.വിദേശികളും നാട്ടുകാരും ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ അപകടമായിരുന്നു ഫോർട്ട്കൊച്ചി ബോട്ട് ദുരന്തം.ബോട്ടിന്റെ കാലപഴക്കത്തെ സംബന്ധിച്ചും വലിയ വിവാദമുണ്ടായിരുന്നു.അപകടത്തെ സംബന്ധിച്ച് അന്വേഷിക്കാൻ അന്നത്തെ ഉമ്മൻ ചാണ്ടി സർക്കാർ കമ്മീഷനേയും നിയോഗിച്ചിരുന്നു.അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ അഞ്ച് ലക്ഷം രൂപയും നഗരസഭ രണ്ട് ലക്ഷം രൂപയും നഷ്ട പരിഹാരം നൽകി.പരിക്കേറ്റവർക്ക് ചികിത്സ സഹായമായി പതിനായിരം രൂപയും ഗുരുതരമായി പരിക്കേറ്റ രണ്ട് പേർക്ക് രണ്ട് ലക്ഷം രൂപ വീതവും നഗരസഭ നൽകി.എന്നാൽ സർക്കാർ ആശ്രിതർക്ക് ജോലി നൽകാമെന്ന് വാഗ്ദാനം നൽകിയെങ്കിലും നടപടിയുണ്ടായില്ല.തുടർന്ന് വെസ്റ്റ് മാന്ത്ര റസിഡൻസ് ഡെവലെപ്പ്മെന്റ് അസോസിയേഷൻ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തെ തുടർന്ന് ഇത് സംബന്ധിച്ച് അന്വേഷിക്കാൻ അധികൃതർക്ക് നിർദേശം നൽകി. തുടർന്ന് കൊച്ചി തഹസിൽദാർ നടത്തിയ അന്വേഷണത്തിൽ ആശ്രിതർക്ക് ജോലി നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നതായും അത് നൽകിയിട്ടില്ലെന്നും കാണിച്ച് കൊണ്ടുള്ള റിപ്പോർട്ട് സംബന്ധിച്ച കത്ത് അസോസിയേഷന് നൽകി.എന്നിട്ടും ഇക്കാര്യത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇതിനിടെ റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ റവന്യൂ മന്ത്രിയെ കണ്ട് വിഷയം ഉന്നയിച്ചെങ്കിലും ഇത്തരം അപകടത്തിൽ ഇത് വരെ സർക്കാർ ജോലി നൽകിയിട്ടില്ലെന്നും വിഷയം നിയമസഭയിൽ വരികയാണെങ്കിൽ ചർച്ച ചെയ്യാമെന്ന മറുപടിയുമാണ് ലഭിച്ചതെന്നും പറയുന്നു.ഇത് സംബന്ധിച്ച് വിഷയം നിയമസഭയിൽ സബ് മിഷൻ വഴി ഉന്നയിച്ചാൽ ജോലി ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ദുരന്തത്തിന് ഇരയായവരുടെ കുടുംബങ്ങൾ.

### മിന്നൽ പരിശോധനയിൽ രക്ഷപെടാനുള്ള പഴുതൊരുക്കി ഉദ്യോഗസ്ഥർ

# മരടിൽ ഒമ്പത് ബോട്ടുകൾക്ക് അനുമതിയില്ല



● സ്വകാര്യ ബോട്ട് യാർഡ് നഗരസഭ സീൽ ചെയ്യുന്നു .

**മരട്:** നഗരസഭയിലെ സ്പെഷ്യൽ സ്ക്വാഡ് വിഭാഗം കഴിഞ്ഞ ദിവസം നടത്തിയ മിന്നൽ പരിശോധനയിൽ ബോട്ടുകൾക്ക് നൽകിയ ഇളവ്
പലർക്കും രക്ഷപെടാനുള്ള പഴുതൊരുക്കി. ഉദ്യോഗസ്ഥരുടെ തെറ്റായ തീരുമാനമാണ് നിയമലംഘകർക്കു രക്ഷപെടാനുള്ള പഴുതൊരുക്കിയതെന്നാണ് ആക്ഷേപമുയരുന്നത്. നെട്ടൂർ ഭാഗത്ത് നാലിടങ്ങളിലാണ് പരിശോധന നടത്തിയത്.

ഇതിൽ ആവശ്യമായ രേഖകൾ ഇല്ലാത്ത ബോട്ട് ഉടമകൾക്ക് രേഖകൾ സമർപ്പിക്കാൻ ഉദ്യോഗസ്ഥർ ഒരു ദിവസം സമയം നൽകിയതാണ് അനധികൃത യാത്ര നടത്തിപ്പുകാർക്ക് ഗുണകരമായത്. മുങ്ങിയ ബോട്ടുടമകൾ പിന്നീട് പൊങ്ങിയില്ല. മരട് മുൻസിപ്പൽ സെക്രട്ടറി നാസ്സിം.ഇ, മുൻസിപ്പൽ എൻജിനീയർ എം.കെ. ബിജു എച്ച്.ഐ. പി.ജെ. ജേക്കബ്സൺ എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു സ്ക്വാഡ് പരിശോധന നടത്തിയത്. ഇന്നലെ മരട് നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ രേഖകൾ ഹാജരാക്കാത്തതിനെ തുടർന്ന് നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ബോട്ട് സർവീസ് സ്ഥാപനങ്ങൾ നഗരസഭ സീൽ ചെയ്തു. നഗരസഭയുടെ ദുരന്തനിവാരണ അധികാര നിയമം ഉപയോഗിച്ചാണ് നടപടി.

കൊച്ചിൻ ബാക്ക് വാട്ടേഴ്സ്, കൊച്ചിൻ ബോട്ട് സർവീസ് എന്നീ സർവീസുകളാണ് പൂർണമായും സീൽ ചെയ്തത്. ബ്ലൂ മറൈൻ ബോട്ട് സർവീസിന്റെ രജിസ്ട്രേഷൻ ഇല്ലാത്ത അഞ്ച് ബോട്ടുകളും ലേക്ക് ബേ ബോട്ട് സർവീസിന്റെ രജിസ്ട്രേഷൻ ഇല്ലാത്ത നാല് ബോട്ടുകൾക്കുമാണ് നഗരസഭ അനുമതി നിഷേധിച്ചത്.

സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികളിലും നിർദ്ദേശങ്ങളിലും അലംഭാവം കാണിക്കുന്ന ബോട്ട് ഉടമകൾക്കെതിരെ ശക്തമായ നടപടികൾ ഉണ്ടാകുമെന്ന് നഗരസഭ അധികൃതർ അറിയിച്ചു. നഗരസഭ ചെയർമാൻ ആൻറണി ആശാൻ പറമ്പിൽ, സ്ഥിരം സമിതി അധ്യക്ഷന്മാരായ പി.ഡി. രാജേഷ്, ചന്ദ്ര കലാകാരൻ, മുൻസിപ്പൽ സെക്രട്ടറി നാസ്സിം.ഇ, മുൻസിപ്പൽ എൻജിനീയർ എം.കെ. ബിജു, എച്ച്.എസ്. അഞ്ചു.കെ.തമ്പി, എച്ച്.ഐ പി.ജെ. ജേക്കബ്സൺ എന്നിവരുടെ നേതൃത്വത്തിൽ ആയിരുന്നു നടപടി. പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ കളക്ടർക്ക് അടുത്ത ദിവസം തന്നെ നഗരസഭ കൈമാറുമെന്ന് നഗരസഭ ചെയർമാൻ ആൻറണി ആശാൻ പറമ്പിൽ അറിയിച്ചു.


### ഭൂതത്താൻകെട്ടിലും തട്ടേക്കാടും ബോട്ടുകളിൽ പരിശോധന

**കോതമംഗലം:** താനൂർ ബോട്ട് അപകട പശ്ചാത്തലത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട്, ഇടമലയാർ എന്നിവിടങ്ങളിൽ ബോട്ടുകളുടെയും രേഖകളുടെയും പ്രാഥമിക പരിശോധന നടന്നു.


ഭൂതത്താൻകെട്ടിൽ പോലീസും ഫയർഫോഴ്സുമാണ് പരിശോധന നടത്തിയത്.തട്ടേക്കാടും ഇടമലയാറും വനം വകുപ്പ് വിജിലൻസാണ് പരിശോധിച്ചത്.

12 ബോട്ടുകളുടെയും രേഖകൾ കൃത്യമാണെന്ന് അധികൃതർ അറിയിച്ചു.

## പിഞ്ചുകുഞ്ഞിന്റെ സ്വനതന്ത്രികളിൽ കുടുങ്ങിയ മീൻ മുള്ളുകൾ നീക്കം ചെയ്തു



● സ്വനതന്ത്രികളിൽ മീൻ മുള്ള് കുടുങ്ങിയ നിലയിൽ



● നീക്കംചെയ്ത മീൻ മുള്ളുകൾ

**കൊച്ചി:** ഒരു വയസുകാരന്റെ സ്വനതന്ത്രികളിൽ കുടുങ്ങിയ മീൻ മുള്ളുകൾ നീക്കം ചെയ്തു. ചുമയും ശ്വാസതടസവുമായി തൊടുപുഴ സ്വദേശികളുടെ മകനെ ആദ്യം സ്ഥലത്തെ പ്രാദേശിക ക്ളിനിക്കൽ ആദ്യം എത്തിക്കുകയായിരുന്നു. രോഗം കുറയാത്തതിനാൽ പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സാധാരണ മരുന്നുകൾ കൊടുത്തെങ്കിലും അസുഖം മൂർച്ഛിക്കുകയായിരുന്നു. പിന്നീട് നെഞ്ചിന്റെ എക്സ്റേ എടുത്തെങ്കിലും ഒന്നും കണ്ടെത്തായില്ല. പക്ഷേ, കുട്ടിയുടെ ആരോഗ്യം വീണ്ടും മോശമാകുന്നതു കണ്ട് കഴുത്തിലെ എക്സറേ എടുത്തു. ഇതിൽ നിന്ന് നേരിയതെന്തോ തൊണ്ടയിൽ കുരുങ്ങിയതായി കണ്ടെത്തി. തുടർന്ന് കുട്ടിയെ വിദഗ്ധ പരിശോധനയ്ക്ക് അമൃത ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമായിരുന്നു. ഗുരുതരാവസ്ഥയിലായ കുട്ടിയെ ഓക്സിജൻ സഹായത്തോടെ ആംബുലൻസിലാണ് അമൃതയിൽ എത്തിച്ചത്. കുട്ടിയുടെ രക്തത്തിലെ ഓക്സിജൻ അളവും നന്നേ കുറഞ്ഞുവന്നിരുന്നു. പൾമണോളജിസ്റ്റ് ഡോ. ടിങ്കു ജോസഫിന്റെ നേതൃത്വത്തിൽ നടത്തിയ ബ്രേങ്കോസ്കോപ്പിയിൽ തൊണ്ടയിലെ ശബ്ദമുണ്ടാക്കുന്ന സ്വനതന്ത്രിയിൽ (വോക്കൽ കോഡ്) മീൻ മുള്ളുകൾ തടഞ്ഞിരിക്കുന്നതായി കണ്ടെത്തി. സൂക്ഷ്മപരിശോധനയിൽ വോക്കൽ കോഡിനു താഴെയുള്ള ശ്വാസനാളിയിൽ മറ്റൊരു മുള്ളും തടഞ്ഞിരിക്കുന്നതായും കണ്ടെത്തി. ശ്വാസനാളി പൂർണമായി അടഞ്ഞുപോയാൽ വ്യക്തിക്കു മരണംവരെ സംഭവിക്കാവുന്നതാണെന്ന് ഡോ. ടിങ്കു പറഞ്ഞു.

ബ്രോങ്കോസ്കോപ്പി വഴി മുള്ളുകൾ പുറത്തെടുത്തു. ആരോഗ്യം വീണ്ടെടുത്ത കുട്ടി ആശുപത്രി വിടുകയും ചെയ്തു.

## ഇംഫാലിൽ നിന്ന് വിദ്യാർഥി സംഘം നാളെ എത്തും

**കൊച്ചി:** ഇംഫാലിലെ നാഷണൽ സ്പോർട്സ് സർവ്വകലാശാലയിലെ എറണാകുളം സ്വദേശിനിയുൾപ്പെടെ ഒൻപത് വിദ്യാർത്ഥികളുടെ ആദ്യ സംഘം നാളെ രാവിലെ 10.15 നുള്ള ഫ്ളൈറ്റിൽ ഇംഫാലിൽ നിന്നും ഗുവാഹത്തിയിലേയ്ക്കു തിരിക്കും. ഗുവാഹത്തിയിൽ നിന്നും വൈകിട്ട് 6. 15 നുള്ള ഫ്ളൈറ്റിൽ യാത്ര തുടരുന്ന ഇവർ രാത്രി ഒൻപതേ കാലിനു ചെന്നൈയിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള സർക്കാരിന്റെ പ്രവാസി കാര്യ വകുപ്പാണ് ഇവർക്ക് വേണ്ടി സൗജന്യമായി ടിക്കറ്റുകൾ നൽകുന്നത്. മണിപ്പൂരിൽ നിന്ന് നാട്ടിലെത്താൻ ആഗ്രഹിക്കുന്ന മലയാളികളെയും, എറണാകുളം സ്വദേശികൾ ഉൾപ്പെടെ ഇരുപത്തി ആറോളം പേർ കുടുങ്ങിയിട്ടുള്ള ഇംഫാലിലെ നാഷണൽ സ്പോർട്സ് സർവ്വകലാശാലയിലെ മറ്റു വിദ്യാർത്ഥികളെയും എത്രയും വേഗം നാട്ടിലെത്തിയ്ക്കാൻ വേണ്ട ഇടപെടൽ തുടരുന്നതായി ഹൈബി ഈഡൻ എം. പി അറിയിച്ചു.

### കോർപറേഷനിൽ സി.പി.എമ്മിന്റെ തിരിച്ചുവരവ്

# വി.എ.ശ്രീജിത്ത് കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

**കൊച്ചി:** കോർപറേഷനിൽ സി.പി.എമ്മിന് വിജയം. യു.ഡി.എഫിന്റെ അവിശ്വാസ പ്രമേയത്തെ തുടർന്ന് നഷ്ടപ്പെട്ട വിദ്യാഭ്യാസ, കായിക സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സ്ഥാനം ഇന്നലെ പാർട്ടി തിരിച്ചുപിടിച്ചു. സ്റ്റാൻഡിങ്ങ് കമ്മിറ്റി അധ്യക്ഷ പദത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് അപ്രതീക്ഷിത തിരിച്ചടിയാണ് നേരിട്ടത്. മൂന്നിനെതിരേ നാല് വോട്ടുകൾക്ക് സി.പി.എമ്മിലെ വി.എ ശ്രീജിത്താണ് വിജയിച്ചത്.

വോട്ടെടുപ്പിൽ യു.ഡി.എഫിലെ ഷീബ ഡ്യൂറോമിന്റെ വോട്ട് അസാധുവായതോടെയാണ് ശ്രീജിത്ത് വിജയിച്ചത്.

ഷീബ ഡ്യൂറോമിന്റെ വോട്ട് അസാധുവായെന്ന് അറിയിപ്പ് യു.ഡി.എഫിന് കനത്ത പ്രഹരമായി. കോൺഗ്രസിന്റെ ബാസ്റ്റിൻ ബാബുവാണ് പരാജയപ്പെട്ടത്. ഒൻപതംഗ സ്റ്റാൻഡിങ് കമ്മിറ്റിയിൽ എൽ.ഡി.എഫിനും യു.ഡി.എഫിനും നാല് വീതം അംഗങ്ങളും ബി.ജെ.പിക്ക് ഒരംഗവുമായിരുന്നു ഉണ്ടായിരുന്നത്. വോട്ടെടുപ്പിൽ നിന്ന് ബി.ജെ.പി അംഗം പത്മജ.എസ്.മേനോൻ വിട്ടുനിന്നിരുന്നു. ഇതോടെ വോട്ടെടുപ്പിൽ തുല്യനില വരുമെന്നും നറുക്കെടുപ്പിലൂടെ അധ്യക്ഷനെ തെരഞ്ഞെടുക്കേണ്ടി വരുമെന്നുമാണ് ഇരുപക്ഷവും കരുതിയത്.

പേരും ഒപ്പും രേഖപ്പെടുത്താത്തതിനാലാണ് ഷീബയുടെ വോട്ട് അസാധുവായത്. വോട്ടിങ് സ്ലിപ്പിൽ ഗുണചിഹ്നത്തിനുപകരം ശ്രീജിത്ത് പേരിലെ ആദ്യാക്ഷരങ്ങൾ എഴുതിയെന്ന് ചൂണ്ടിക്കാട്ടി യു.ഡി.എഫ് എതിർത്തെങ്കിലും എ.ഡി.എം. ശ്രീജിത്തിനെ വിജയിയായി പ്രഖ്യാപിക്കുകയായിരുന്നു.

കഴിഞ്ഞ ഏപ്രിൽ 26ന് നടന്ന അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ ബി.ജെ.പി അംഗമായ പത്മജ.എസ്.മേനോൻ യു.ഡി.എഫിനെ പിന്തുണച്ചപ്പോഴാണ് എൽ.ഡി.എഫിന് ചെയർമാൻ സ്ഥാനം നഷ്ടമായത്. മേയർക്കെതിരെ ഉൾപ്പെടെയുള്ള അവിശ്വാസത്തിൽ നിന്നു ബി.ജെ.പി മുമ്പ് വിട്ടു നിന്നിട്ടുള്ളതിനാൽ ഇത്തവണയും അതേ നിലപാട് സ്വീകരിക്കുമെന്നാണ് കരുതിയിരുന്നത്.

കർണ്ണാടകയിൽ തിരഞ്ഞെടുപ്പ് പ്രചരണ തിരക്കിലായതിനാൽ അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുക്കില്ലെന്നാണ് പത്മജ സഹപ്രവർത്തകരോട് പറഞ്ഞിരുന്നത്. പാർട്ടി വിപ്പ് കൈപ്പറ്റിയതുമില്ല.

എന്നാൽ അവിശ്വാസ പ്രമേയത്തിൽ പങ്കെടുക്കാനായി മാത്രം ആ ദിവസം അവർ കൊച്ചിയിലെത്തുകയായിരുന്നു. ഇതേ തുടർന്ന് ബി.ജെ.പി ജില്ലാ നേതൃത്വം പത്മജക്കെതിരെ നടപടിക്കു ശുപാർശ നൽകി. ചെയർമാൻ തിരഞ്ഞെടുപ്പിലും ആരെയും പിന്തുണക്കരുതെന്ന് കാണിച്ച് ബി.ജെ.പി കഴിഞ്ഞ ആഴ്ച അവർക്ക് വിപ്പ് നൽകിയിരുന്നു.

### ഷീബ ഡ്യൂറോമിനെ സസ്പെൻഡ് ചെയ്തു

**കൊച്ചി:** നഗരസഭയുടെ വിദ്യാഭ്യാസ, കായിക സ്ഥിരം സമിതി ചെയർമാൻ തെരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് വോട്ട് ചെയ്ത കൗൺസിലർ ഷീബ ഡ്യൂറോമിനെ കോൺഗ്രസിൽ നിന്ന് സസ്പെൻസ് ചെയ്തതായി ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് അറിയിച്ചു.

ചെയർമാൻ സ്ഥാനാർഥിയായി മത്സരിച്ച ബാസ്റ്റിൻ ബാബുവിന് അനുകൂലമായി വോട്ട് രേഖപ്പെടുത്താനായിരുന്നു ഡിസിസി പ്രസിഡന്റ് വിപ്പ് നൽകിയിരുന്നത്.



● ഫയർ ആൻഡ് റെസ്ക്യൂ എറണാകുളം റീജണൽ കായികമേള കോതമംഗലം എം.എ. കോളജ് ഗ്രൗണ്ടിൽ ആന്റണി ജോൺ എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്യുന്നു.

### ഫയർ സർവീസസ് കായികമേള ആരംഭിച്ചു

**കോതമംഗലം:** ഫയർ ആൻഡ് റെസ്ക്യൂ എറണാകുളം റീജണൽ കായികമേള കോതമംഗലം എം.എ. കോളജ് ഗ്രൗണ്ടിൽ ആന്റണി ജോൺ എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്തു. റീജണൽ ഫയർ ഓഫീസർ ജെ.എസ്. സുജിത് കുമാർ, ജില്ലാ ഓഫീസർ കെ. ഹരികുമാർ, കോതമംഗലം നിലയ മേധാവി എ. മനു എന്നിവർ പങ്കെടുത്തു. താനൂർ ബോട്ടപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ചു.എറണാകുളം, ഇടുക്കി ജില്ലകളിൽ നിന്നായി ഇരുന്നൂറ്റി അമ്പതോളം പേർ പങ്കെടുക്കുന്ന കായികമേള ഇന്ന് സമാപിക്കും.

## സർക്കാരിന്റെ ചർച്ച് ബില്ല് വൈകുന്നു; പള്ളികൾ വീണ്ടും സംഘർഷ ഭൂമിയാവുന്നു

**പോത്താനിക്കാട്:** യാക്കോബായ വിഭാഗവും പൊതു സമൂഹവും പ്രതീക്ഷയോടെ കാത്തിരുന്ന ചർച്ച് ബില്ല് അവതരണത്തിൽ സർക്കാർ മെല്ലപ്പോക്ക് നടത്തുന്നതോടെ ജില്ലയുടെ കിഴക്കൻ മേഖലകൾ സംഘർഷ മേഖലയായി മാറുന്നു. ജില്ലയിലെ പുളിന്താനം, ഓടക്കാലി, മഴുവന്നൂർ എന്നീ പള്ളികൾ ഓർത്തഡോക്സ് വിഭാഗത്തിന് രണ്ടു മാസത്തിനുള്ളിൽ കൈമാറാൻ ഏപ്രിൽ 13 ന് ഹൈക്കോടതി ഉത്തരവിട്ടിരുന്നു. യാക്കോബായ വിഭാഗത്തിന് മൃഗീയ ഭൂരിപക്ഷമുള്ള ഈ പള്ളികളിലെ വിധി നടത്തിപ്പ് സർക്കാരിനും പോലീസിനും ഒട്ടും എളുപ്പമാവില്ല. മുന്നൂറോളം കുടുംബങ്ങൾ ഉള്ള പുളിന്താനം പള്ളിയിൽ 8 വീട്ടുകാർ മാത്രമാണ് ഓർത്തഡോക്സ് വിഭാഗത്തിനുള്ളത്. 1905 ൽ സ്ഥാപിച്ച പള്ളിയുടെ കീഴിലുള്ള ചാപ്പലുകളും കുരിശിൻതൊട്ടികളും പാരീഷ് ഹാളും ഉൾപ്പെടെയുള്ള മുഴുവൻ സ്വത്തുക്കളും ഓർത്തഡോക്സ് വിഭാഗത്തിന് കൈമാറാനാണ് കോടതി ഉത്തരവ്. ഇവ പിടിച്ച് കൊടുക്കുന്നതോടെ യാക്കോബായ വിഭാഗത്തിന് ആരാധന നടത്തുവാനുള്ള സൗകര്യങ്ങൾ മുഴുവനായി ഇല്ലാതാവും.

കോടതി ഉത്തരവ് പ്രകാരം വിധി നടപ്പിലാക്കാൻ 2 മാസത്തെ കാലാവധി ഉണ്ടെങ്കിലും ഉടൻ നടപ്പിലാക്കണമെന്നാണ് ഓർത്തഡോക്സ് വിഭാഗത്തിന്റെ ആവശ്യം ഇതിനായി അവർ ഡി.ജി.പി, ജില്ലാ കലക്ടർ, എസ്.പി. എന്നിവരെ സമീപിച്ചിട്ടുണ്ട്.

നാളെ പുളിന്താനം പള്ളിയിൽ പ്രവേശിക്കാൻ അനുവദിക്കണമെന്നാണ് ഓർത്തഡോക്സ് വിഭാഗത്തിന്റെ ആവശ്യം. എന്നാൽ വിധിക്കെതിരെ അപ്പീലുപോയിട്ടുള്ളതിനാൽ ഒരു കാരണവശാലും വിധി നടപ്പിലാക്കാൻ അനുവദിക്കില്ല എന്നാണ് യാക്കോബായ വിഭാഗം പറയുന്നത്. 16 ന് ശേഷം പോലീസ് നടപടി ഉണ്ടായേക്കുമെന്നാണ് ലഭിക്കുന്ന വിവരം. ഇന്ന് ആലുവ റൂറൽ എസ്.പി.യുടെ ഓഫീസിൽ നടക്കുന്ന യോഗത്തിൽ പള്ളികളിലെ വിധി നടത്തിപ്പ് ചർച്ചയായേക്കും. അതിനിടെ സർക്കാർ കൊണ്ടുവരുമെന്ന് പറയുന്ന ചർച്ച് ബില്ല് വൈകുന്നതിൽ ശക്തമായ പ്രതിഷേധമാണ് ഇടവകക്കാരുടെ ഇടയിൽ ഉണ്ടായിരിക്കുന്നത്. നാട്ടിലെ സമാധാനം നിലനിർത്താൻ സർക്കാർ തലത്തിൽ അടിയന്തര നടപടി ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

### 14-ാം ചരമവാർഷികം (10-05-2023)



**സാജു തോമസ്**
**കരിമ്പനയ്ക്കൽ**
ഊരക്കാട്, പൂക്കാട്ടുപടി

പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു കൊണ്ട്
സന്തപ്ത കുടുംബാംഗങ്ങൾ

**കരിമ്പനയ്ക്കൽ ഗ്രൂപ്പ് ഓഫ് കമ്പനീസ്**

## Nitta Gelatin India Limited

REGD. OFFICE : 56/715, SBT AVENUE, PANAMPILLY NAGAR, KOCHI , KERALA - 682036
( Corporate Identification number : L24299KL1975PLC002691 )
Email: investorcell@nitta-gelatin.co.in Tel: +91- 484-2317805

**STATEMENT OF AUDITED STANDALONE AND CONSOLIDATED FINANCIAL RESULTS FOR THE QUARTER AND YEAR ENDED 31 MARCH 2023**

(₹ in Lakhs except per share data)

| Sl No. | Particulars | STANDALONE | | | | | CONSOLIDATED | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | Quarter Ended | | | Year Ended | | Quarter Ended | | | Year Ended | |
| | | 31-Mar-23 | 31-Dec-22 | 31-Mar-22 | 31-Mar-23 | 31-Mar-22 | 31-Mar-23 | 31-Dec-22 | 31-Mar-22 | 31-Mar-23 | 31-Mar-22 |
| | | Audited | Unaudited | Audited | Audited | Audited | Audited | Unaudited | Audited | Audited | Audited |
| 1 | Total Income from Operations | 12,968.81 | 11,961.25 | 11,884.52 | 49,206.41 | 43,431.86 | 14,596.86 | 13,972.88 | 14,231.73 | 56,618.44 | 51,055.40 |
| 2 | Net Profit for the period ( before Tax, Exceptional and Extra ordinary items ) | 1,916.44 | 2,652.71 | 1,241.93 | 7,808.34 | 3,761.06 | 2,311.50 | 3,334.84 | 1,840.13 | 9,609.89 | 4,915.84 |
| 3 | Net Profit for the period before Tax ( after Exceptional and Extra ordinary items) | 1,916.44 | 2,652.71 | 1,241.93 | 7,808.34 | 3,761.06 | 2,311.50 | 3,631.71 | 1,840.13 | 9,906.76 | 4,915.84 |
| 4 | Net Profit for the period after Tax ( after Exceptional and Extra ordinary items) | 1,383.41 | 2,074.76 | 868.74 | 5,876.45 | 2,659.70 | 1,677.47 | 2,879.53 | 1,310.42 | 7,389.99 | 3,484.70 |
| 5 | Total Comprehensive Income for the period/year [Comprising Profit/(Loss) for the period (after tax) and Other Comprehensive Income (after tax)] | 1,516.98 | 2,023.19 | 699.45 | 5,885.80 | 2,433.77 | 1,811.15 | 2,827.09 | 1,132.23 | 7,394.42 | 3,247.50 |
| 6 | Equity Share Capital | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 |
| 7 | Reserves (excluding Revaluation Reserves) as shown in the audited Balance Sheet | - | - | - | 23,086.40 | 17,563.76 | - | - | - | 25,852.74 | 19,179.49 |
| 8 | Earnings Per Share ( Face Value ₹10/-each) (not annualised for quarter) | | | | | | | | | | |
| | a) Basic: (₹) | 15.24 | 22.85 | 9.57 | 64.72 | 29.29 | 17.83 | 30.02 | 13.43 | 77.44 | 36.26 |
| | b) Diluted: (₹) | 15.24 | 22.85 | 9.57 | 64.72 | 29.29 | 17.83 | 30.02 | 13.43 | 77.44 | 36.26 |

Notes:

1. These financial results have been prepared in accordance with Indian Accounting Standards ("Ind AS") prescribed under Section 133 of the Companies Act, 2013 read with the relevant rules thereunder and in terms of Regulation 33 of the SEBI ("Listing Obligations and Disclosure requirements") Regulations, 2015, as amended.
2. The Company is engaged in the manufacture and sale of products which form part of a single product group which represents one operating segment. As the Chief Operating Decision Maker ("CODM") reviews business performance at an overall group level, disclosure requirement under Ind AS 108 on "Operating Segment" is not applicable.
3. Performance of the plant in Reva Division, Bharuch of the Company is reported as a cost centre for products used captively for manufacture of Gelatin and profit centre for products sold to external customers (including Group Company). To comply with pollution control board guidelines the Company needs to incur additional expense to manufacture one of the products exported from the division. The management was not utilising the installed capacity in full due to the higher manufacturing cost as mentioned above. In the opinion of management, the manufacture and sale of this product would qualify as a cash generating unit ("CGU") as per Ind AS 36 as it represents an identifiable group of assets that generates cash inflows that are largely independent of the cash inflows from other assets or groups of assets. Consequently, an impairment testing of the carrying value of certain identified property, plant and equipment used for manufacture of this product as at 31 March 2023 was carried out in the manner prescribed in Ind AS 36 and provision for impairment amounting to ₹ 531.95 Lakhs is carried in the books, which is considered to be adequate.
4. As per approved policy for risk mitigation against foreign exchange rate fluctuations, the Company takes forward foreign exchange contract for USD denominated current and future receivables. Ind AS 109 mandates recognition of cash flow hedge in situations where hedge effectiveness can be established for the hedged item and the hedging instrument and the company was recognizing Mark to Market ("MTM") gain or loss in other comprehensive income till 30 June 2022. As a matter of prudence and the future challenges in establishing hedge effectiveness for cash flow hedge, the company recognized the MTM loss on outstanding forward foreign exchange contracts amounting to ₹ 396.00 Lakhs in the profit and loss account for the quarter and the half year ended 30 September 2022. Certain forward foreign exchange contracts were cancelled/utilised subsequently and the incremental loss was accounted in the statement of profit and loss in the respective quarters. The MTM loss on the remaining forward foreign exchange contracts recognised as on 31 March 2023 is ₹ 63.07 Lakhs.
5. Other income for the year ended 31 March 2023 and 31 March 2022 includes dividend of ₹ 472.50 Lakhs and ₹ 175.00 Lakhs respectively, received from the subsidiary company.
6. During the quarter ended 31 December 2022, the management decided to exercise the option permitted under Section 115BAA of the Income-tax Act, 1961 as introduced by the Taxation Laws (Amendment) Act, 2019. Accordingly, the deferred tax liabilities (net) as at 31 March 2022 and the estimate of tax expense for the year ended 31 March 2023 have been re-measured. Consequently, deferred tax expense for year ended 31 March 2023 includes a charge of ₹ 22.96 Lakhs (quarter ended 31 December 2022: ₹ 22.96 Lakhs), net of Minimum Alternate Tax ("MAT") credit written off amounting to ₹ 109.00 Lakhs (quarter ended 31 December 2022: ₹ 109.00 Lakhs).
7. The Board of Directors has proposed a dividend of ₹ 1.18/- per preference share (@ 5.4029% p.a.) on 929,412 Optionally Convertible ( non cumulative ) preference shares of ₹ 170/- each for 47 days, a dividend of ₹ 0.7650/- per preference share ( @7.65063% p.a.) on 44,44,444 redeemable preference shares of ₹ 10/- each and a dividend of ₹ 7.5 /- per equity share ( 75 % of the face value of ₹ 10/- per share ) in their meeting held today which is subject to approval by the shareholders in the ensuing Annual General Meeting.
8. The Board of Directors of Nitta Gelatin India Limited at its meeting held on 2 January 2023 has approved the issuance of equity shares of the Company having face value of ₹ 10/- each, on a Rights basis to eligible equity shareholders of the Company as on the Record Date (to be determined and notified later) for an amount of upto ₹ 4077.00 Lakhs (the "Rights Issue"), in accordance with the relevant SEBI Regulations, the Companies Act, 2013 and other applicable subject laws/regulations and subject to such regulatory and statutory approvals, as may be required in this regard.
9. The management identified an employee who is suspected to have colluded with vendors and manipulated certain weighment records of a raw material which resulted in making excess payments to two vendors. During the quarter ended 31 March 2023, an external agency was appointed by management for investigation and the agency reported that there were indications of manipulations in weighment and actual quantity received was less than the quantity of raw materials recorded in books. The financial impact of this suspected fraud is estimated to be ₹ 200.83 Lakhs spread over a period of two years. Since the amount involved is not material and consumption of raw material is accounted in books on the basis of value of quantity recorded in books, no further adjustment is required in the financial statements for the year ended 31 March 2023. The Company has taken disciplinary proceedings against the suspected employee and has enhanced checks and controls around sourcing, weighment and payment for purchase of raw materials.
10. The cost of raw materials consumed for the quarter and the year ended 31 March 2023 includes provision created towards slow moving inventory of Fish protein amounting to ₹ 649.00 Lakhs. This raw material was procured based on budgeted sales to a South Korean customer which, however, did not materialize because of economic slowdown in that country. Further, an amount of ₹ 121.63 Lakhs is created towards provision for slow moving finished goods.
11. The financial performance of the Company is dependent on quality / availability of Crushed Bone, its price and market demand of finished goods.
12. In accordance with National Highways Authority of India's ("NHAI") notification dated 26 May 2019 and subsequent communication by Sub Divisional Officer and Competent Land Acquisition Authority, Ballarpur, a portion of the land belonging to the subsidiary company, Bamni Proteins Limited has been compulsorily acquired by NHAI. The compensation amounting to ₹ 303.95 Lakhs including interest was received on 12 January 2023. Compensation, net of written down value, amounting to ₹ 296.87 Lakhs has been accounted under "Exceptional item" in the financial statements for the year ended 31 March 2023. The Group has reserved the right for higher compensation and has filed an appeal for arbitration before the competent authority.
13. Figures for the quarters ended 31 March 2023 and 31 March 2022 are the balancing figures between audited figures for the full financial year and the reviewed year to date figures upto the third quarter of the respective financial years.
14. "The above standalone financial results have been reviewed by the Audit Committee and approved by the Board of Directors at their respective meetings held on 6 May 2023 and 8 May 2023."
15. Prior period/year comparatives have been regrouped/reclassified wherever necessary to conform with the current period/year classification.

For Nitta Gelatin India Limited
Sd/-
Philip Chacko M
Managing Director
DIN : 01219764

Kochi
May 8, 2023

